പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1163 30.09.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ ലോഫ്ളോർ ബസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ ലോഫ്ളോർ ബസുകൾ ഉൾപ്പെടെയുള്ളവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാറില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇതു സംബന്ധിച്ച് പത്ര മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം ബസുകൾ യഥാസമയം അറ്റകുറ്റപ്പണി ചെയ്യാത്തതു മൂലം സർവ്വീസുകൾ മുടങ്ങുന്ന സാഹചര്യം ഉണ്ടാകാറുണ്ടോ; | (ബി) യും (സി) യും | ഉണ്ടാകാറുണ്ട്. 2016 ആഗസ്റ്റിലെ കണക്കു പ്രകാരം ജൻറം പദ്ധതിയിൽപ്പെട്ട ഒരു ബസ് ഓടാതെ വരുമ്പോൾ ശരാശരി 11,470/- രൂപ നഷ്ടമുണ്ടാകുന്നുണ്ട്.<br>അറ്റകുറ്റപ്പണിക്കായി പിടിച്ചിട്ടുള്ള 145 ബസുകൾ അറ്റുകുറ്റപ്പണി തീർത്ത് നിരത്തിലിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇപ്രകാരം സർവ്വീസുകൾ മുടങ്ങുന്നതുമൂലമുണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നഷ്ടം ഏതുരീതിയിൽ നികത്തുന്നതിനാണ് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കാറുള്ളത്; | | |
| (ഡി) | കെ.എസ്.ആർ.ടി.സി.യുടെ ബസുകൾ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ ചെയ്ത് മുടക്കമില്ലാതെ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ